അനുമതി വാങ്ങേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളുടെ അനുമതിയാണ് വാങ്ങേണ്ടത് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത അനുമതി നൽകുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; നിർദ്ദേശം ലഭിക്കാത്തതുമൂലം റാന്നി, പമ്പാവാലി മേഖലയിലെ കൈവശ കർഷകർ പ്ലാവ്, ആഞ്ഞിലി തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിനും നീക്കംചെയ്യുന്നതിനും ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുപരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ?

ഉത്തരം

(എ) വനഭാഗങ്ങളിൽ പട്ടയം ലഭിച്ചവയിലുള്ള മരങ്ങൾ മുറിക്കുന്നതിന് നേരത്തെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ പുതിയ ഉത്തരവുകൾ (27-5-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 40/15/വനം, 9-7-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 49/15/വനം) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മുൻ ഉത്തരവ് സ.ഉ.(എംഎസ്.)36/93/വനം 19-5-1993-ഉം സ.ഉ.(എംഎസ്.)നമ്പർ 23/93/വനം 15-3-1993-ലുമാണ്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു)*

(ബി) കൈവശഭൂമിയിലെ മാവ്, അമ്പഴം, പുളി, നെല്ലി, കൊടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർ ഓക്ക്, ആഞ്ഞിലി, പ്ലാവ് എന്നീ 11 ഇനമരങ്ങൾ മുറിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിന് വനം, റവന്യൂ വകുപ്പുകളുടെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെയുള്ള ഉത്തരവ് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന് പരാതി ഉണ്ടായതിനെത്തുടർന്ന് 'പ്രസ്തുത വകുപ്പുകളുടെ അനുമതിക്ക് വിധേയമായി' എന്ന നിബന്ധന ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്. കർഷകർ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനായി സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**സോഷ്യൽ ഫോറസ്ട്രി**

**273 (3095)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാരിന്റെ കാലത്ത് സോഷ്യൽ ഫോറസ്ട്രി പത്തനംതിട്ട ജില്ലയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നും ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്നുമുള്ള വിവരം നിയോജകമണ്ഡല അടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവിട്ട തുകയുടെ വിവരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(സി) കേന്ദ്ര സർക്കാരിന്റെ പൂർണ്ണ/ഭാഗിക വിഹിതം ലക്ഷ്യമാക്കി ജില്ലയിൽ ഇത്തരം ഏതെല്ലാം പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രിയുടെ പരിധിയിൽ വരുന്ന തിരുവല്ല, റാന്നി, ആറന്മുള, കോന്നി, അടൂർ എന്നീ നിയോജകമണ്ഡലങ്ങളിലുള്ള വിവിധ സ്ഥലങ്ങളിൽ ഹരിത കേരളം, ഹരിതശ്രീ, വഴിയോരത്തണൽ പദ്ധതി, കാവുകളുടെ സംരക്ഷണം, സ്വകാര്യ ഭൂമിയിൽ വൃക്ഷം നട്ടുവളർത്തൽ പ്രോത്സാഹന പദ്ധതി, കരുവിക്ക് ഒരു കൂട്, പ്രകൃതി പഠന ക്ലാസ്സുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, നീർപ്പക്ഷി സർവ്വേ, നക്ഷത്രവനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മരമുത്തശ്ശി-വനമിത്രം അവാർഡ് എന്നീ അവാർഡുകളും ടി നിയോജകമണ്ഡലങ്ങളിലും സാമൂഹ്യ വനവൽക്കരണ വിഭാഗം നടപ്പിലാക്കിയിട്ടുണ്ട്.

കുട്ടിവനം, ഔഷധത്തോട്ടനിർമ്മാണം, ഫോറസ്ട്രി ക്ലബ്ബുകളുടെ പുനരുദ്ധാരണം, പുതിയ ഫോറസ്ട്രി ക്ലബ്ബുകളുടെ രൂപീകരണം, പ്രകൃതി മിത്ര അവാർഡ്, സിറ്റിസൺ കൺസർവ്വേറ്റർ പ്രോഗ്രാം, നദീതീരങ്ങൾ ബലപ്പെടുത്തുന്നതിനായി തീരങ്ങളിൽ മുളവച്ചുപിടിപ്പിക്കൽ, നക്ഷത്രവനം, ഒരു വീട്ടിൽ ഒരു മരം, ഒരു വീട്ടിൽ ഒരു ഫലവൃക്ഷം എന്നീ പദ്ധതികളും പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രിയുടെ പരിധിയിൽ വരുന്ന തിരുവല്ല, റാന്നി, ആറന്മുള, കോന്നി, അടൂർ എന്നീ നിയോജക മണ്ഡലങ്ങളിലുള്ള വിവിധ സ്ഥലങ്ങളിൽ നടപ്പിലാക്കിവരുന്നു.

(ബി) വിവിധ പദ്ധതികൾക്കായി പത്തംതിട്ട സാമൂഹ്യവനവൽക്കരണ വിഭാഗം ഡിവിഷനിൽ ചെലവഴിച്ച തുകയുടെ വിശദവിവരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

| പദ്ധതിയുടെ പേര് | നിയോജക മണ്ഡലം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| (1) | (2) | (3) |
| ഹരിത കേരളം/ ഹരിതശ്രീ | തിരുവല്ല | 4265366 |
| | റാന്നി | 3095917 |
| | ആറന്മുള | 4987625 |
| | കോന്നി | 4876375 |
| | അടൂർ | 5127735 |
| | ആകെ | 22353018 |
| വഴിയോരത്തണൽ പദ്ധതി | തിരുവല്ല | 625900 |
| | റാന്നി | 325700 |
| | ആറന്മുള | 555750 |
| | കോന്നി | 475400 |
| | അടൂർ | 595250 |
| | ആകെ | 2578000 |
| കാവുകളുടെ സംരക്ഷണം | തിരുവല്ല | 55000 |
| | റാന്നി | 37000 |
| | ആറന്മുള | 72000 |
| | കോന്നി | 57000 |
| | അടൂർ | 575000 |
| | ആകെ | 796000 |
| സ്വകാര്യ ഭൂമിയിൽ വൃക്ഷം നട്ടുവളർത്തൽ പ്രോത്സാഹന പദ്ധതി | ആറന്മുള | 26350 |
| | കോന്നി | 2450 |
| | അടൂർ | 5600 |
| | ആകെ | 34400 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| കരുവിക്ക് ഒരു കൂട് | തിരുവല്ല | 18011 |
| | റാന്നി | 19500 |
| | ആറന്മുള | 16500 |
| | കോന്നി | 17500 |
| | അടൂർ | 12800 |
| | ആകെ | 84311 |
| പക്ഷി സർവ്വേ | ആറന്മുള | 8195 |
| | തിരുവല്ല | 11499 |
| | ആകെ | 19694 |
| മര മുത്തശ്ശി/വനമിത്ര അവാർഡ് | ആറന്മുള | 50000 |
| | അടൂർ | 25000 |
| | ആകെ | 75000 |

(സി) കേന്ദ്ര സർക്കാരിന്റെ പൂർണ്ണ/ഭാഗിക വിഹിതം ഉൾപ്പെടുത്തിയുള്ള പദ്ധതികളൊന്നും പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയിട്ടില്ല.

## വനമേഖലയിലെ വന്യജീവി ആക്രമണം

**274(3096)** ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനമേഖലയ്ക്കടുത്തും മറ്റും താമസിക്കുന്ന കർഷകരുടെ കൃഷിഭൂമിയിൽ വിളവുകൾ നശിപ്പിക്കുന്നതും മനുഷ്യരെ ആക്രമിക്കുന്നതുമായ വന്യമൃഗങ്ങളെ കൊല്ലുന്നതിനുമായി എന്തെങ്കിലും പുതിയ നിയമം പുറത്തിറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ എത്ര മനുഷ്യജീവൻ പൊലിഞ്ഞിട്ടുണ്ടെന്നും എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly